ജനനത്തീയതി തിരുത്തുന്നതിനുള്ള നടപടി

28(717) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരീക്ഷാവേനിൽ എസ്.എസ്.എൽ.സി. ബുക്കിലെ ജനനത്തീയതി തിരുത്തുന്നതിനുള്ള എത്ര അപേക്ഷകളാണ് 2006 മുതൽ 2010 വരെ ലഭിച്ചതെന്ന് വെളിപ്പെടുത്തുമോ ;

(ബി) അപേക്ഷകൾ തീർപ്പ് കൽപ്പിക്കുന്നതിലുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ജനനത്തീയതി തിരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2006 - 5285

2007 - 6876

2008 - 16281

2009 - 32448

2010 - 35608

(ബി&സി) ഉണ്ട്.

(ഡി) നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ കണ്ടെത്തുന്നതിനുവേണ്ടി ശില്പശാല നടത്തിയിരുന്നു. അതിൽ നിന്നും ഉരുത്തിരിഞ്ഞ അഭിപ്രായം പരിഗണിച്ച് താഴെ കൊടുത്തിരിക്കുന്ന നടപടി ലഘൂകരണം നടപ്പിലാക്കിയിട്ടുണ്ട്.

1. ജനനത്തീയതി തിരുത്തി വാങ്ങേണ്ടവരുടെയും അവരുടെ എല്ലാ സഹോദരങ്ങളുടെയും യഥാർത്ഥ ജനന സർട്ടിഫിക്കറ്റുകൾ സമർപ്പിക്കണം എന്ന നടപടിക്രമം ഒഴിവാക്കി ആരുടെയാണോ ജനനത്തീയതി തിരുത്തേണ്ടത് അയാളുടെ അസ്സൽ സർട്ടിഫിക്കറ്റും അയാളുടെ തൊട്ടു മുമ്പിലും പിന്നിലും ജനിച്ച സഹോദരങ്ങളുടെ ജനനസർട്ടിഫിക്കറ്റുകളുടെ ഗസറ്റഡ് ആഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും നൽകിയാൽ മതിയാകും എന്ന് തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. ക്രിസ്ത്യൻ വിഭാഗത്തിൽപ്പെടുന്നവരുടെ അപേക്ഷയോടൊപ്പം മാമ്മോദീസ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കണം എന്നത് ഒഴിവാക്കിയിട്ടുണ്ട്.

3. എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ ജനനത്തീയതി തിരുത്തുവാനുള്ള അപേക്ഷകൾ പരീക്ഷാ ഭവനിലെ ജോയിന്റ് കമ്മീഷണർക്കാണ് സമർപ്പിക്കേണ്ടത്. എൽ.പി. സ്കൂളുകളിലെ വിദ്യാർത്ഥികളുടെ ജനനത്തീയതി തിരുത്തുന്നതിനുള്ള അധികാരം അതാത് ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും ഹൈസ്കൂൾ വിദ്യാർത്ഥികളുടെ അപേക്ഷകൾ അതാത് ജില്ലാ വിദ്യാഭ്യാസ ആഫീസർമാരുമാണ് തീർപ്പുകൽപ്പിക്കേണ്ടത് എന്ന് തീരുമാനിച്ചിട്ടുണ്ട്.

ലഘൂകരിച്ച നടപടിക്രമം അനുസരിച്ചുള്ള കമ്പ്യൂട്ടർ സോഫ്റ്റ്വെയർ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

തളിപ്പറമ്പ് ആസ്ഥാനമായി വിദ്യാഭ്യാസ ജില്ലാ രൂപീകരണം

28(718) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തളിപ്പറമ്പ് ആസ്ഥാനമായി വിദ്യാഭ്യാസ ജില്ല രൂപീകരിക്കുന്നതിന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(ബി) കണ്ണൂർ ജില്ലാ പഞ്ചായത്ത് സർക്കാരിനോട് ഇതിനായി തീരുമാനമെടുത്ത് അഭ്യർത്ഥിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(ഡി) സർക്കാരിന്റെ ഇക്കാര്യത്തിലുള്ള നിലപാട് അറിയിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി&ഡി) കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

വിവിധ ഭാഷാ പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടി

30(718) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. യു. സി. രാമൻ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ ഭാഷാപഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന കാര്യത്തിൽ അനുവർത്തിച്ചുവരുന്ന നയമെന്താണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly